# വിപശ്യന പത്രിക

*വിപശ്യന പത്രിക സയാജി ഊ ബാ ഖിൻൻറെ പരമ്പരയ്ക്കനുസരിച്ച്*

**Vol . 8, No.** 3 : മാർച്ച് 2016 — വിപസ്സന റിസർച്ച് ഇൻസ്ററിറ്റ്യൂട്

മലയാളം മാസ പത്രിക — ധമ്മഗിരി, ഇഗത്പുരി – 422 403, മഹാരാഷ്ട്ര

## *ധർമ്മ വാണി*

| | |
|---|---|
| *ധർമ്മ പഥ ഹീ ശാന്തി പഥ,* | ധർമ്മ പഥമേ ശാന്തി പഥം, |
| *ധർമ്മ പഥ സുഖ പന്ഥ,* | ധർമ്മ പഥമേ സൌഖ്യ പഥം, |
| *ഇസ പഥ പർ ജോ ഭീ ചലേ,* | ധർമ്മ പഥത്തിൽ ആര് നടപ്പൂ, |
| *മംഗൾ ജഗെ അനന്ത്.* | മംഗളമുണരുമനന്തം. |

– **എസ. എൻ. ഗോയങ്ക**

# സഹിഷ്ണുതയുടെ പാരമി വളരട്ടെ

**എസ. എൺ. ഗോയങ്ക**

...**ഭാര്യാ വിയോഗം** – ഏതോ ഒരു ജീവിതത്തിൽ ബോധിസത്ത്വൻറെ അതിസുന്ദരിയായ ഭാര്യാ രോഗ ഗ്രസ്ഥമായി മരണത്തിന് കീഴടങ്ങി. ആളുകൾ ആ സുന്ദരിയായ യുവതിയെ മരിച്ചു കണ്ടപ്പോൾ അസ്വസ്ഥമായി, പക്ഷെ ബോധിസത്ത്വൻ തൻറെ പ്രിയപ്പെട്ട ഭാര്യയുടെ മരണത്തിൽ ലേശം പോലും വിചിലിതമായില്ല. ഇത്തരം അവസ്ഥയിൽ സാധാരണക്കാർ ഭാര്യാ-ശോകത്തിൽ എതമ്രാതം അസ്വസ്ഥ നായി തീനും, കുടിയും, കുളിയും മറന്ന് ജോലിക്കുപോലും പോകാതെ സ്മശാനത്തിനെ പദ്രക്ഷണം ചെയ്തുകൊണ്ടും, കരഞ്ഞും അലറിയും വിലാപം ചെയ്തുകൊണ്ടിരിക്കാറുണ്ട്.

പക്ഷെ ബോധിസത്ത്വൻ അങ്ങിനെയൊന്നും ചെയ്തില്ല. ജനങ്ങൾ കാരണം ചോദിച്ചപ്പോൾ അവർ ഉത്തരം കൊടുത്തു. "ഏതൊന്നിൻറെ സ്വഭാവം നഷ്ടപ്പെടലാണൊ അത് ഇന്നൊ നാളെയൊ നഷ്ടപ്പെടുകതന്നെ ചെയ്യും. ഓരൊ പ്രാണിയും മരണധർമ്മയാണ്. ഇതു തന്നെയാണ് അതിൻറെ സ്വഭാവം. അത് മരിക്കുകതന്നെ ചെയ്യും. നിസർഗ്ഗ നിയമമനുസരിച്ച് അവളും മൃത്യു പ്രാപിച്ചു. ഇതിലെന്തു കരയാൻ? ജീവിച്ചിരിന്നേടത്തോളം കാലം എൻറെ ആരൊ ആയിരുന്നു. അവൾ എന്നെ പരിചരിക്കുകയായിരുന്നു, ഞാനവളെ പുലർത്തുമായിരുന്നു. മരണത്തിനു ശേഷം അവൾ അവളുടെ കർമ്മത്തിനനുസരിച്ച് അന്യ ലോകത്തിൽ ജനിച്ചിട്ടുണ്ട്. ഇപ്പോൾ അവൾ എൻറെ ആരാകുന്നു? ഞാനവൾക്ക് ആരാകുന്നു? കരഞ്ഞതുകൊണ്ട് എനിക്കൊരു ലാഭവുമില്ല, അവൾക്കും."

അങ്ങിനെ ബോധിസത്ത്വൻ ജീവിതത്തിലും ക്ഷാന്തി പാരമി പുഷ്ടിപ്പെടുത്തി.

**മൂത്ത സഹോദരൻറെ വിയോഗം** – ഏതൊ ഒരു ജീവിതത്തിൽ ബോധിസത്ത്വൻ ഒരു ധനികനായ ഗൃഹസ്ഥനായി ജനിച്ചു. സമയമായപ്പോൾ മാതാ-പിതാവിൻറെ മരണം സംഭവിച്ചു. അവരുടെ മൂത്ത സഹോദരൻ എല്ലാ ജോലിക്കാര്യങ്ങളും നോക്കിനടത്തിയിരുന്നു. ബോധിസത്ത്വനടക്കം മുഴുവൻ കുടുമ്പാങ്കങ്ങളും മൂത്ത സഹോദരനിൽ ആശൃതമായിരുന്നു. അവൻറെ സഹായത്തോടെ എല്ലാവരും ജീവിച്ചിരുന്നു. പക്ഷെ ശീഗ്രം ഒരു രോഗത്തിനിരയായി അവരും മരണം പ്രാപിച്ചു. ബോധിസത്ത്വൻ ധർമ്മധൈര്യത്തോടെ ഈ മുറിവ് സഹിച്ചു. കരഞ്ഞു-കരഞ്ഞ് വിലപിച്ചതാണെങ്കിൽ തൻറെയും ഹാനി ചെയ്തേനെ, കുടുമ്പാങ്കങ്ങളുടേയും ഹാനി ചെയ്തേനെ. മൂത്ത സഹോദരനും ഒരു ലാഭവും എത്തിക്കാൻ സാധിച്ചിട്ടുണ്ടാവില്ല. എന്നാൽ ക്ഷാന്തി പാരമിയുടെ സംവർദ്ധനം ചെയ്തുകൊണ്ട് അവർ കരച്ചിലും, വിലപിക്കലും നിന്ന് തീർത്തും വിമുഖനായിരുന്നു. ജനങ്ങൾ ചോദിച്ചപ്പോൾ അവർ എല്ലാവർക്കും ധർമ്മം മനസ്സിലാക്കിക്കൊടുത്ത് സമാധാനം നൽകി – "സകല പ്രാണികളും മരണധർമ്മയാണ് . സമയമാകുമ്പോൾ ശരീരം നശിക്കുകതന്നെ ചെയ്യും. അതിനുവേണ്ടി വിലപിക്കുന്നത് സാരമില്ലാത്ത കാര്യമാണ്, നിരർത്ഥകമാണ്."

**മുത്തശ്ശൻറെ വിയോഗം** – ഒരു ജീവിതത്തിൽ ബോധിസത്ത്വൻ ഒരു ധനികനായ ഗൃഹസ്ഥൻറെ വീട്ടിൽ ജനിച്ചു. വലുതായപ്പോൾ അവരുടെ മുത്തശ്ശൻ മരിച്ചു. ബോധിസത്ത്വൻ മുത്തശ്ശൻറെ വിയോഗം മൂലം വിചിലിതമായില്ല. എന്നാൽ അവരുടെ പിതാവിൻറെ ധൈര്യം കൈവിട്ടു. അവരുടെ കരച്ചിലും ശോകവും നിറുത്തിയാലും നിൽക്കുന്നില്ലായിരുന്നു. അവർ അവരുടെ പിതാവിൻറെ ദാഹകർമ്മങ്ങൾ ചെയ്ത ശേഷം അതിൻറെ അസ്ഥി-അവശേഷങ്ങൾക്കു മേൽ ഒരു കുട നാട്ടി നിത്യം അവിടെ പോയി വിലപിക്കുമായിരുന്നു. ബോധിസത്ത്വൻ അച്ഛനെ മനസ്സിലാക്കിക്കൊടുക്കേണ്ട ശ്രമം നല്ല പോലെ നടത്തിയിരുന്നു. എന്നാൽ സാഫല്യം ലഭിച്ചില്ല. അപ്പോൾ ഒരു യുക്തി അവർക്ക് മനസ്സിൽ തോന്നി. അവർ എവിടുന്നൊ ഒരു പോത്തിൻറെ മൃത ശരീരം സങ്കടിപ്പിച്ചു. അതിനെ മുന്നിൽ വെച്ചുകൊണ്ട്, പുല്ലും, തണുത്ത വെള്ളവും വെച്ചുകൊടുത്ത് കരഞ്ഞുകൊണ്ട് പറഞ്ഞു – വീണ്ടും ജീവിതത്തിൽ തിരിച്ചു വന്ന് ആഹാരം ഗ്രഹിക്കൂ. ജനങ്ങൾ കുറെ മനസ്സിലാക്കിക്കൊടുകാനായി എത്തി എന്നാൽ കരച്ചിൽ നടത്തിക്കൊണ്ടേ പോയി. ജനങ്ങൾ വിചാരിച്ചു – ഈ യുവാവ് സത്യത്തിൽ ഭ്രാന്തനായൊ- ഈ പോത്തിൻറെ ശവത്തെ ജീവിപ്പിച്ച് ആഹാരം ഊട്ടാൻ ആഗ്രഹിക്കുന്നതു കണ്ടില്ലെ.

അച്ഛനിതെല്ലാം കേട്ടപ്പോൾ പേടിച്ചു. പിതാ-വിയോഗം മറന്ന് ഇപ്പോൾ പുത്രനെക്കുറിച്ച് ചിന്ത ഉണർന്നു – ഇത്ര അറിവുള്ള യുവാവ് എങ്ങിനെ ഭ്രാന്തനായി? അവർ പുത്രനെ മനസ്സിലാക്കി ക്കൊടുത്തു –"കരയുന്നത് നിരർത്ഥകമാണ്. ഈ ചത്ത പോത്ത് വീണ്ടും ജീവിച്ചു വരുന്നത് സാധ്യമല്ല." ഇതു കേട്ടപ്പോൾ ബോധിസത്ത്വൻ പറഞ്ഞു – "അച്ഛോ, നോക്കൂ, ഈ പോത്തിൻറെ മുഖം, തല, വയറ്, കാലുകളാദി സകല അങ്കങ്ങളും അതേപടിയുണ്ട്, പ്രത്യക്ഷത്തിൽ കാണുകയും ചെയ്യാം. ഞാൻ കരഞ്ഞാൽ ഇത് തീർച്ചയായും വീണ്ടും ജീവിച്ചു വരും. നിങ്ങൾ മുത്തശ്ശനുവേണ്ടി കരയുന്നല്ലൊ – അവരുടെ ശരീരം മുഴുവനും കത്തി കുറച്ചു എല്ലുകൾ മാത്രമെ അവശേഷിച്ചിട്ടുള്ളു. നിങ്ങളുടെ കരച്ചിൽ കൊണ്ട് ഈ എല്ലുകൾ ജീവിച്ചുവരുവാണെങ്കിൽ ഞാൻ കരഞ്ഞതുകൊണ്ട് എൻറെ പോത്ത് എന്തുകൊണ്ട് ജീവിച്ചു വരില്ല."

ഇതു കേട്ടപ്പോൾ പിതാവിന് ബോധം വന്നു. ഇപ്രകാരം ബോധിസത്ത്വൻ ക്ഷാന്തി പാരമി പുഷ്ടിപ്പെടുത്തി പിതാവിനും ധർമ്മബലം പ്രദാനം ചെയ്തു.

**പിതാവിൻറെ വിയോഗം** – എണ്ണമറ്റ ഭവ-സംസരണത്തിൻറെ ഒരു ഭവ-ശൃഖലയിൽ ബോധിസത്ത്വൻ ദശരഥ-പുത്രൻ രാമനായി ജനിച്ചു. പിതാവിൻറെ ആദേശമനുസരിച്ച് അവർ രാജ്യം തെജിച്ച് സീതയും ലക്ഷ്മണനും സഹിതം വനത്തിലേക്ക് പോയി. കുറച്ചു സമയത്തിനു ശേഷം പിതാവിൻറെ മരണം സംഭവിച്ചപ്പോൾ ഭരതൻ അവരെ രാജകൊട്ടാരത്തിലേക്ക് തിരിച്ചു വിളിച്ചുകൊണ്ട് ആഗ്രഹപൂർവ്വം എത്തി. ബോധിസത്ത്വൻ രാമൻ പിതാവിൻറെ മരണവാർത്ത കേട്ടപ്പോൾ ശകലം പോലും വിചിലിതമായില്ല. ആ സമയം ലക്ഷ്മണനും, സീതയും പൂക്കളും പഴങ്ങളും പറിക്കാനായി പുറത്തു പോയിരുന്നു. അവരുടെ ഹൃദയം വളരെ മൃദുവാണെന്ന് രാമനറിയുമായിരുന്നു. ആയതിനാൽ അവർ തിരിച്ചു വന്നപ്പോൾ രാമൻ ഈ ദുഃഖം സഹിക്കാനാവത്തക്കവിധം, വളരെ യത്നിച്ച് ഈ കടുത്ത വാർത്ത കേൾപ്പിച്ചു. എന്നാൽ അവർ രണ്ടു പേരും വളരെ വിഷമിച്ചു. ഭരതനും അവരുടെ കൂടെ എത്തിയ സർവ്വ കുടുമ്പാങ്കങ്ങളും കരയുകയും, അലറുകയും ചെയ്യുകതന്നെയായിരുന്നു. ക്ഷാന്തി പാരമിയുടെ ധനികനായ ബോധിസത്ത്വൻ രാമൻ സകലർക്കും ധൈര്യം നിറഞ്ഞ ധർമ്മ-ദേശന നൽകി മനസ്സിലാക്കിക്കൊടുത്തു. "വളരെ ഏറെ വിലപിച്ചാലും നമ്മൾ മരിച്ചു പോയ പിതാവിനെ വീണ്ടും ജീവിപ്പിക്കാൻ സാധിക്കില്ല. പ്രിയ-വിയോഗത്തിൽ കരയുകയും, അലറുകയും ചെയ്താൽ അതുകൊണ്ട് വല്ലവർക്കും നല്ലതുണ്ടാവുന്നു എങ്കിൽ തീർച്ചയായും നമുക്കെല്ലാവർക്കും അത് ചെയ്യാം, പക്ഷെ ഇത് നമ്മൾക്കും, മറ്റെല്ലാവർക്കും ഹാനി മാത്രമെ ഉണ്ടാക്കുന്നുള്ളു. കരയുന്നവൻ തന്നോടുമാത്രമല്ല ഹിംസ ചെയ്യുന്നത്, മറ്റുള്ളവരുടെ കരച്ചിൽ കൂട്ടി അവരുടെ നേരേയും ഹിംസ ചെയ്യുന്നു. കരഞ്ഞതും-അലറിയതും കൊണ്ട് മരണമടങ്ങിയ വ്യക്തിക്കും ഒരു ലാഭവും ലഭിക്കുന്നില്ല. ആയതിനാൽ കരയുന്നത് നിരർത്ഥകമാണ്. ബോധമുള്ള മനുഷ്യനുവേണം – ഇത്തരം സമയത്ത് മനസ്സിൽ ദുഃഖം ഉണർന്ന ഉടൻ തന്നെ അതിനെ ദൂരീകരിക്കുക – വീട്ടിൽ തീപ്പിടിച്ചാൽ അതിനെ ഉടൻ തന്നെ ശമിപ്പിക്കുന്നതുപോലെ,"

ബോധിസത്ത്വൻ രാമൻറെ ധർമ്മോപദേശം മൂലം സകലരുടേയും കരച്ചിലും-അലറലും നിന്നു. ഇപ്രകാരം ബോധിസത്ത്വൻ തൻറെ ക്ഷാന്തി പാരമിയുടെ സംവർദ്ധനം ചെയ്തു, മറ്റുള്ളവർക്കും ക്ഷാന്തി-ധർമ്മം പഠിപ്പിച്ചുകൊടുത്തു.

സാധകരെ, ജീവിതത്തിൽ ഇഷ്ടപ്പെടാത്ത സംഭവങ്ങൾ ഭവിച്ചുകൊണ്ടേയിരിക്കും. പ്രിയ ജനൻ, വസ്തു, സ്ഥിതിയിൽ നിന്ന് വിയോഗം സംഭവിച്ചുകൊണ്ടേയിരിക്കുന്നു. ബോധിസത്ത്വൻറെ അനേകം ജന്മങ്ങളിൽ നിന്ന് നമുക്ക് ലാഭമെടുത്ത് സഹിഷ്ണുതയുടെ പാരമിയുടെ സംവർദ്ധനം ചെയത് തൻറെ മംഗളം സാധിച്ചെടുക്കാം. (ഹിന്ദി പത്രിക).